പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 4186

16.03.2017 -ലെ മറുപടിയ്ക്ക്

## കായികാദ്ധ്വാനത്തിന് മാന്യത ലഭിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാജേഷ്<br>ശ്രീ. എം.സ്വരാജ്<br>ശ്രീ. പി.ടി.എ റഹിം<br>ശ്രീ. വി.ജോയി | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക് ദേശീയ ശരാശരിയിൽ അധികമായിരുന്നിട്ടും തദനുസൃതമായി തൊഴിലവസരങ്ങൾ വർദ്ധിക്കാതിരിക്കുന്നതിന്റെ കാരണം വിശകലനം ചെയ്തിട്ടുണ്ടോ; | എ) കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്. |
| (ബി) തൊഴിലില്ലായ്മ നിരക്ക് ദേശീയ തലത്തിൽ ഏറ്റവും ഉയർന്ന് നിൽക്കുന്നത് കേരളത്തിലായിരുന്നിട്ടും അതിനെക്കാൾ വളരെ താഴ്ന്ന തൊഴിലില്ലായ്മ നിരക്കുള്ള സംസ്ഥാനങ്ങളിൽ നിന്നുള്ളവരെ സംസ്ഥാനത്ത് തൊഴിലിൽ ഏർപ്പെടുത്താൻ ഇടയാക്കുന്ന സാഹചര്യം മാറ്റിയെടുക്കാനായി കേരളത്തിലെ തൊഴിൽ സംസ്കാരത്തിൽ ഏതു വിധത്തിലുള്ള ഇടപെടലാണ് സാധ്യമായിട്ടുള്ളത്;<br><br>(സി) കായികാദ്ധ്വാനം ലഘൂകരിക്കാനും കായികാദ്ധ്വാനം ആവശ്യമായ തൊഴിലിനു സമൂഹത്തിൽ മാന്യത ലഭിക്കുന്നതിനും ഏതു വിധത്തിലുള്ള ഇടപെടൽ സാധ്യമാണെന്ന് വ്യക്തമാക്കുമോ? | ബി & സി തൊഴിലില്ലായ്മ നിരക്ക് ഉയർന്നു നിൽക്കുന്ന കേരളത്തിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളവർ കൂടുതലായി തൊഴിലിൽ ഏർപ്പെടുന്ന സാഹചര്യം സംബന്ധിച്ച് വിശദമായ പരിശോധന ആവശ്യമാണ്. മാന്യത ഉള്ളതെന്നും മാന്യത ഇല്ലാത്തതെന്നും തൊഴിലിനെ വേർതിരിക്കുന്നത് ശരിയല്ല. ഈ ദിശയിലുള്ള തൊഴിൽ സംസ്കാരം ഉയർത്തികൊണ്ടു വരുന്നതിന് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും കൂട്ടിയോജിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനം അനിവാര്യമാണ്. |

Sreedevi

**സെക്ഷൻ ഓഫീസർ**